GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2337884
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th May 2012

## തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ നിർബന്ധമാക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ നിർബന്ധമാക്കാൻ നിയമഭേദഗതിവേണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചുചേർത്ത രാഷ്ട്രീയ കക്ഷികളുടെ യോഗം സർക്കാരിനോട് ശിപാർശ ചെയ്തു.

പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടപ്രകാരം, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡിനുപുറമേ റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് തുടങ്ങിയ അഞ്ച് രേഖകൾ വോട്ടർമാർക്ക് തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. വ്യാജ വോട്ട് തടയാൻ ഈ സംവിധാനം അപര്യാപ്തമല്ലാത്തതിനാൽ, ലോകസഭ- നിയമസഭ തിരഞ്ഞെടുപ്പുകളുടെ മാതൃകയിൽ ആവശ്യമുള്ളപക്ഷം വോട്ടർമാരെ തിരിച്ചറിയാൻ ഫോട്ടോ പതിച്ച രേഖ നിർബന്ധമാക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

മാതൃകാ പെരുമാറ്റസംഹിതയ്ക്ക് നിയമപ്രാബല്യം നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു. പെരുമാറ്റചട്ട ലംഘനം ശിക്ഷാർഹമാക്കാൻ നിയമത്തിന്റെ പിൻബലം വേണമെന്ന കമ്മീഷന്റെ നിർദ്ദേശം യോഗം അംഗീകരിച്ചു. ഇനിമുതൽ ഏതെങ്കിലും ഗ്രാമപഞ്ചായത്ത് വാർഡിൽ ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ പെരുമാറ്റച്ചട്ടം പഞ്ചായത്തിൽ മുഴുവൻ ബാധകമായിരിക്കും. മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ ഉപതിരഞ്ഞെടുപ്പിൽ പെരുമാറ്റച്ചട്ടം നടപ്പാക്കേണ്ടതെങ്ങിനെയെന്ന് കൂടുതൽ ചർച്ചകൾക്കുശേഷം തീരുമാനിക്കും. അതുവരെ നിലവിലുള്ള രീതി തുടരും.

മട്ടന്നൂർ നഗരസഭയിലേയ്ക്ക് സെപ്തംബർ ആദ്യവാരം നടക്കുന്ന തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിക്കുമെന്ന് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടിക കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വാർഡടിസ്ഥാനത്തിൽ പുനക്രമീകരിക്കും. കേന്ദ്ര - സംസ്ഥാന കക്ഷികളുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള കക്ഷികളുടെയും പ്രതിനിധികൾ പങ്കെടുത്തു.

*(എസ്.ഇ.സി.31/2012)*

## 23 വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 23 തദ്ദേശ ഭരണവാർഡുകളിൽ ഇന്ന് (മെയ്-15) ഉപതിരഞ്ഞെടുപ്പ് നടക്കും. ഒരു ജില്ലാ പഞ്ചായത്ത്, രണ്ട് ബ്ലോക്ക് പഞ്ചായത്ത്, ആറ് നഗരസഭ, പതിനാല് ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് വോട്ടെടുപ്പ്.

**തിരുവനന്തപുരം**: ജില്ലാ പഞ്ചായത്തിലെ മണമ്പൂർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ലൂർദ്ദ്പുരം, പുല്ലുവിള, **കൊല്ലം**: ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ കോവിൽമുക്ക്, കല്ലുവാതുക്കലിലെ എഴിപ്പുറം, **ആലപ്പുഴ**: നൂറനാട്ടെ ഇടപ്പോൺ കിഴക്ക്, **കോട്ടയം** : ഈരാറ്റുപേട്ടയിലെ മുണ്ടയ്ക്കപ്പറമ്പ്, തലനാട്ടെ തീക്കോയിഎസ്റ്റേറ്റ്, ചങ്ങനാശ്ശേരി നഗരസഭയിലെ ഗത്സമേനി, **ഇടുക്കി** : കാന്തല്ലൂരിലെ പെരുമല, **എറണാകുളം**: ആലുവ നഗരസഭയിലെ ഊമൻകുഴിത്തടം, ഏലൂർ നഗരസഭയിലെ മഞ്ഞുമ്മൽ, എളങ്കുന്നപ്പുഴയിലെ പുതുവൈപ്പ് ഈസ്റ്റ്, കോട്ടപ്പടിയിലെ വടാശ്ശേരി, **തൃശൂർ**: അളഗപ്പനഗറിലെ കാളക്കല്ല്, **പാലക്കാട്**: ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ തുമ്പിച്ചിറ, കോട്ടായി പഞ്ചായത്തിലെ ചേന്ദങ്കാട്, **മലപ്പുറം**: പെരിന്തൽമണ്ണ നഗരസഭയിലെ സംഗീത, മഞ്ചേരി നഗരസഭയിലെ ശാന്തിഗ്രാമം, തിരൂരങ്ങാടിയിലെ കോട്ടുവാലക്കാട്, **കാസറഗോഡ്**: മുളിയാറിലെ ബാലനടുക്കം, വോർക്കാടിയിലെ ബോർക്കള, പുല്ലൂർ - പെരിയയിലെ കൊടവലം എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ നാളെ (മെയ്- 16) നടക്കും.

*(എസ്.ഇ.സി. 30 /2012)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2337884<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 10th May 2012 |

## രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ യോഗം മെയ് 14 ന്

തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയ കക്ഷികളുടെ യോഗം വിളിച്ചു. മെയ് 14 ന് രാവിലെ പതിനൊന്നിന് മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന യോഗത്തിലേയ്ക്ക് ദേശീയ-സംസ്ഥാന കക്ഷികളുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെ യാണ് ക്ഷണിച്ചിട്ടുള്ളത്.

*(എസ്.ഇ.സി.29/2012)*

## എട്ട് വാർഡുകളിൽ ജൂൺ 20ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ എട്ട് തദ്ദേശഭരണ വാർഡുകളിൽ ജൂൺ 20-ന് ഉപതിരഞ്ഞെടുപ്പ് നടക്കും.

**തിരുവനന്തപുരം**: പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ കുന്നത്തുകാൽ, പാറശാല ഗ്രാമപഞ്ചായത്തിലെ നെടുവാൻവിള, **കൊല്ലം**: തൊടിയൂരിലെ മാരാരിത്തോട്ടം, **ആലപ്പുഴ**: അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ കഞ്ഞിപ്പാടം തെക്ക്, **തൃശൂർ**: വെള്ളാങ്ങല്ലൂരിലെ അമരിപ്പാടം, **മലപ്പുറം**: പൂക്കോട്ടൂരിലെ പള്ളിമുക്ക്, **കണ്ണൂർ** : കുഞ്ഞിമംഗലത്തെ കണ്ടംകുളങ്ങര, **കാസറഗോഡ്**: കോടോംബേളൂരിലെ വയമ്പ് എന്നിവയാണ് വാർഡുകൾ.

തിരഞ്ഞെടുപ്പ് വിജ്ഞാപനം മെയ് 24 ന് പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക മെയ് 31 വരെ സ്വീകരിക്കും. സൂക്ഷ്മ പരിശോധന ജൂൺ ഒന്നിന്. ജൂൺ നാലുവരെ പത്രിക പിൻവലിക്കാം. സ്ഥാനാർത്ഥികൾ ജൂലൈ 20- നകം ചെലവ് കണക്ക് നൽകണം.

*(എസ്.ഇ.സി.28/2012)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2337884
FAX: 0471-2338288
0471-2334130

7th May 2012

## കൂറുമാറിയ പഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബാ ജെയിംസിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. പഞ്ചായത്തിലെ മറ്റൊരംഗമായ ടി.സി. ജോർജ് നൽകിയ ഹർജിയിലാണ് ഉത്തരവ്.

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പതിമൂന്നംഗ ഭരണസമിതിയിൽ യു.ഡി.എഫിന് ഏഴും എൽ.ഡി.എഫിന് അഞ്ചും സീറ്റുകളാണ് ലഭിച്ചത്. ഒരു യു.ഡി.എഫ് റിബലും വിജയിച്ചു.

യു.ഡി.എഫ് പിന്തുണയോടെ പഞ്ചായത്തംഗമായ ഷീബ, പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് പിന്തുണയോടെ കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയെ തോല്പിച്ച് പ്രസിഡന്റാവുകയും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുകയും ചെയ്തു. യു.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചശേഷം പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ മത്സരിച്ച നടപടി കൂറുമാറ്റമെന്ന് വിലയിരുത്തിയാണ് കമ്മീഷൻ ഷീബയെ അയോഗ്യയാക്കിയത്. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് അവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.27/2012)*

## ബ്ലോക്ക് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

മലപ്പുറം ജില്ലയിൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മെയ്-10ന് തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി. 26 /2012)*